ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/14189/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, **30/11/2013**

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — കേരളത്തിൽ ഉപയോഗിക്കുന്ന അന്യസംസ്ഥാന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് — സംബന്ധിച്ച്

സൂചന :- ഈ വിഷയത്തിൽ ഇതിന് മുൻപ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

05/11/2013 ന ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന മോട്ടോർ വാഹന വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ പുതിയത് വാങ്ങിയതോ ഉടമ കേരളത്തിൽ സ്ഥിരതാമസം ഉള്ളതോ ആയ വാഹനങ്ങൾ അന്യസംസ്ഥാനത്ത് കൊണ്ടുപോയി രജിസ്റ്റർ ചെയ്യുകയും കേരളത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നതു വഴി കേരള സംസ്ഥാനത്ത് വാഹന രജിസ്ട്രേഷനും അതുവഴി റവന്യൂ വരുമാനവും അപകടകരമായ നിലയിൽ കുറഞ്ഞിരിക്കുന്നു. എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ താൽപര്യമെടുത്ത് പോണ്ടിച്ചേരിയിൽ നടത്തിയ അന്വേഷണത്തിൽ നിന്നും ഇത്തരം വാഹനങ്ങൾ വ്യാജ മേൽവിലാസത്തിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമായിട്ടുണ്ട്.

കേരള മോട്ടോർ വാഹന നികുതി നിയമം സെക്ഷൻ 22 പ്രകാരമുള്ള എസ്സ്. ആർ. ഓ. 878/75 അനുസരിച്ച് അന്യസംസ്ഥാനത്തു രജിസ്റ്റർ ചെയ്ത് നികുതി അടച്ച നോൺ ട്രാൻസ്പോർട്ട് വാഹനം ഒരു വ്യക്തി സന്ദർശനത്തിനായി / താൽക്കാലികമായി കേരളത്തിലേക്കു വരുന്നതിനു മാത്രമാണ് റോഡ് നികുതി ഇളവു നൽകിയിട്ടുള്ളത്. ആയതിനാൽ കേരളത്തിൽ താമസിക്കുന്നതോ, ജോലിയോ, ബിസ്സിനസ്സോ ചെയ്യുന്നതോ, വിദ്യാഭ്യാസം, പരിശീലനം എന്നിവ ചെയ്യുന്നതോ ആയ വ്യക്തിയുടെ വാഹനത്തിന് കേരളത്തിൽ റോഡ് ടാക്സ് അടയ്ക്കേണ്ടതാണ്.

ഭരണഭാഷ — മാതൃഭാഷ

മോട്ടോർ വാഹന നിയമം സെക്ഷൻ 49 പ്രകാരം ഒരു വാഹന ഉടമ താമസ സ്ഥലമോ ജോലി സ്ഥലമോ മാറി വാഹനം പുതിയ സ്ഥലത്ത് ഉപയോഗിക്കുകയാണെങ്കിൽ 30 ദിവസത്തിനകം ആ സ്ഥലത്തെ രജിസ്റ്ററിംഗ് അതോറിറ്റിയെ അറിയിച്ച് ആർ. സി. യിൽ പുതിയ അഡ്രസ്സ് ചേർക്കേണ്ടതാണ്. ആകയാൽ അന്യസംസ്ഥാനത്തു നിന്നും കേരളത്തിൽ കൊണ്ടു വന്നുപയോഗിക്കുന്ന വാഹനം 30 ദിവസം കഴിഞ്ഞിട്ടും ആർ. സി. ഹാജരാക്കി മേൽവിലാസം മാറ്റിയിട്ടില്ല എങ്കിൽ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് സെക്ഷൻ 49(2) പ്രകാരം ശിക്ഷാനടപടി എടുക്കുകയും റോഡ് ടാക്സ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

മേൽവാഹനം ഒരു വർഷമോ അതിലധികമോ കേരളത്തിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഇപ്പോൾ തന്നെ എൻ.ഒ.സി. ഹാജരാക്കി സെക്ഷൻ 47 പ്രകാരം പുതിയ രജിസ്ട്രേഷൻ നമ്പർ നൽകാവുന്നതും അല്ലാത്തപക്ഷം പുതിയ മേൽവിലാസം ചേർത്ത് ഒരു വർഷത്തിനകം എൻ.ഒ.സി. ഹാജരാക്കി പുതിയ നമ്പർ വാങ്ങേണ്ടതാണ് എന്ന നിർദ്ദേശം ആർ.സി.യിൽ ചേർക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

എസ്.ആർ.

03/1/13

മോട്ടോർവാഹന വകുപ്പ്, കേരള